DESPATCHED
On..04/04/2022

31/3/22

## സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.9/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്.)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 31**

ശ്രീ. രഞ്ജിത് എം.ദാസ്,
രഞ്ജിത് ഭവൻ,
വടക്കേവിള, ആട്ടുകാൽ,
ചുള്ളിമാനൂർ പി.ഒ.,
നെടുമങ്ങാട്, തിരുവനന്തപുരം – 695 541.
} **അപ്പീൽ ഹർജിക്കാരൻ**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   പ്രഥമാധ്യാപിക,
   ഗവൺമെന്റ് യു.പി.എസ്. ഇടനില,
   മന്നൂർക്കോണം, തൊളിക്കോട്–695 547.
2. അപ്പീൽ അധികാരി &
   ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,
   ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
   നെടുമങ്ങാട്, തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 5.8.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17.8.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 6.9.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 30.9.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 31.12.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 1.1.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10.1.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 22.1.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 15.3.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. രഞ്ജിത് എം.ദാസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 10 ഇനങ്ങളിലായി സമർപ്പിച്ച വിവരാവകാശ

അപേക്ഷയിലെ 2, 4, 5, 8, 9, 10 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ നൽകാതിരിക്കുന്നതിനായുള്ള ബോധപൂർവ്വ ശ്രമമാണ് എതിർകക്ഷികളുടെ ഭാഗത്ത് നിന്നും ഉണ്ടായതെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. 2018 ജനുവരി 1 മുതൽ 2018 ജൂലൈ 11 വരെ ഇടനില ഗവ. യു.പി.എസിൽ സ്ഥിരമായും താത്കാലികമായും (ദിവസക്കൂലി ഉൾപ്പെടെ) ജോലി നോക്കിയിരുന്ന അദ്ധ്യാപക/അനദ്ധ്യാപകരുടെയും പേര്, പെൻ നമ്പർ, തസ്തിക, മേൽവിലാസം, ഫോൺ നമ്പർ, ഇ–മെയിൽ വിലാസം (സ്പാർക്കിലേത്) നൽകണമെന്നും

ii. ടി അദ്ധ്യാപക/അനദ്ധ്യാപകരുടെ പേരുകളിൽ സ്കൂൾ എച്ച്.എം., അദ്ധ്യാപകർ, പി.ടി.എ പ്രസിഡന്റ് എന്നിവർ എ.ഇ.ഒ തുടങ്ങിയിട്ടുള്ള മേലുദ്യോഗസ്ഥർക്ക് പരാതി നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകണമെന്നും മറ്റുമായി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 17.8.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ഒന്നാകെ നിഷേധിച്ചിരിക്കുകയാണെന്നും അപേക്ഷയിലെ 2, 4, 5, 8, 9, 10 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ നൽകാതിരിക്കുന്നതിനായുള്ള ബോധപൂർവ്വ ശ്രമമാണ് ഒന്നാം എതിർകക്ഷി ചെയ്തിരിക്കുന്നതെന്നും ആയതിനാൽ അപ്പീൽ അധികാരി ഇടപെട്ട് വിവരം ലഭ്യമാക്കാൻ നടപടി എടുക്കണമെന്നും ആവശ്യപ്പെട്ട് 6.9.2021–ന് അപ്പീൽ സമർപ്പിച്ചിട്ടുള്ളതായും മേൽപ്പടി അപ്പീൽ അപേക്ഷയിലെ 2, 4, 5, 8, 9 എന്നീ ഇനങ്ങൾക്ക് വിവരം ലഭ്യമാക്കാൻ ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകികൊണ്ട് 30.9.2021–ന് അപ്പീൽ തീർപ്പാക്കിയതായും കാണുന്നു.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. രഞ്ജിത് എം.ദാസ്, 9.8.2021 തീയതി വിവരാവകാശ അപേക്ഷ നൽകിയിരുന്നു എന്നും ടി അപേക്ഷയ്ക്ക് 17.8.2021 തീയതി വിശദമായ മറുപടിയും 38/– രൂപ ചലാൻ ഒടുക്കുവാനുള്ള നിർദ്ദേശവും നൽകിയിരുന്നു എന്നും തുടർന്ന് ഒന്നാം അപ്പീൽ അധികാരിയിൽ നിന്നും 18.9.2021–ന് ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷ ലഭിച്ചിരുന്നു എന്നും ടി അപ്പീൽ അപേക്ഷ ലഭിച്ചതിനെ

തുടർന്ന് 2.11.2021-ന് ആവശ്യപ്പെട്ട രേഖകൾ/വിവരങ്ങളുടെ പകർപ്പ് ഹർജിക്കാരന് നൽകിയിട്ടുള്ളതാണെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 17.8.2021-ന് എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടുള്ളതാണെന്നും മേൽപ്പടി മറുപടിയിൽ സ്വകാര്യവും സംരക്ഷിതവുമായ വിവരങ്ങൾ ഒഴികെയുള്ള വിവരങ്ങൾ നൽകുന്നതിലേയ്ക്ക് 38/- രൂപ ഒടുക്കി ചലാൻ സമർപ്പിക്കുന്ന മുറയ്ക്ക് വിവരങ്ങൾ നൽകുന്നതാണെന്ന് ഹർജിക്കാരനെ അറിയിച്ചിരുന്നതാണെന്നും എന്നാൽ ഹർജിക്കാരൻ ടി നിർദ്ദേശം പാലിച്ചിട്ടില്ലെന്നും തുടർന്ന് ടിയാൻ 6.9.2021-ൽ അപ്പീൽ അധികാരിയായ രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചു എന്നും ടിയാന്റെ അപ്പീൽ അപേക്ഷ പരിശോധിച്ച് ആയതിൽ വിവരാവകാശ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള വിവരങ്ങൾ ടിയാന് നൽകുവാൻ നിർദ്ദേശിച്ചുകൊണ്ടും ടിയാന്റെ അപേക്ഷയിലെ 2, 4, 5, 8, 9 എന്നീ ചോദ്യങ്ങൾക്ക് വിവരാവകാശ ഓഫീസർ നൽകിയിട്ടുള്ള വിവരങ്ങളിൽ അപാകതയുള്ളതിനാൽ വ്യക്തമായ വിവരങ്ങൾ നൽകുന്നതിനും ചോദ്യം 10-ന് വിവരാവകാശ നിയമ പ്രകാരം വ്യക്തികൾ സമർപ്പിക്കുന്ന അപേക്ഷകളും ആയതിന് നൽകിയിട്ടുള്ള ഫീസ് ഒടുക്കിയ വിവരങ്ങളും ലഭ്യമാക്കുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ വിവരം നൽകേണ്ടതില്ല എന്ന് നിർദ്ദേശിച്ചു കൊണ്ട് 30.9.2021-ന് ഒന്നാം എതിർകക്ഷിക്ക് കത്ത് നൽകുകയും ആയത് പ്രകാരം ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ തീർപ്പാക്കിയതായും അറിയിച്ചുകൊണ്ട് ഹർജിക്കാരന് 30.9.2021-ന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 2, 4, 5, 8, 9, 10 എന്നീ ഇനങ്ങൾക്ക് നൽകിയ മറുപടിയിലാണ് ഹർജിക്കാരന് ആക്ഷേപം നിലനിൽക്കുന്നത് എന്ന് കാണുന്നു. ടി ഇനങ്ങളിൽ 10-ാം ഇനം ഒഴികെ ബാക്കി ഇനങ്ങൾക്ക് മറുപടി നൽകുവാൻ 30.9.2021-ലെ കത്ത് പ്രകാരം ഒന്നാം അപ്പീൽ അധികാരി പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ടി നിർദ്ദേശം പാലിക്കാത്തതിനാലാണ് ഹർജിക്കാരന് കമ്മീഷനെ സമീപിക്കേണ്ടതായി വന്നിട്ടുള്ളത്. ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയിലെ 2, 4, 8 എന്നിവയ്ക്ക് വിവരാവകാശ നിയമ പ്രകാരം നൽകുവാൻ കഴിയുന്ന വ്യക്തമായ മറുപടി തയ്യാറാക്കി 15.4.2022നകം ഹർജിക്കാരന് ഒന്നാം എതിർകക്ഷി നൽകേണ്ടതാണ്. അപേക്ഷയിലെ 5-ാം ഇനത്തിന് നടപടിക്രമങ്ങൾ പൂർത്തിയായതിന് ശേഷം രേഖകൾക്ക് ഫീസ് ഈടാക്കി നൽകേണ്ടതാണ്. 9-ാം ഇനത്തിന് വിവരാവകാശ നിയമം 8(1) (ജി)

പ്രകാരം സംരക്ഷിത വിവരം അടങ്ങിയിട്ടില്ലാത്ത ലഭ്യമായ രേഖകൾ നേരിട്ട് പരിശോധിക്കാൻ ഹർജിക്കാരന് അവസരം നൽകേണ്ടതാണ്. 10–ാമത് ഇനത്തിന് വിവരാവകാശ നിയമം സെക്ഷൻ 8 (1) (ജി) വകുപ്പു പ്രകാരം നിയമം നടപ്പാക്കുന്നതിനോ, സുരക്ഷിതാവശ്യങ്ങൾക്ക് വേണ്ടിയോ നൽകുന്ന വിവരങ്ങൾ ഒഴിവാക്കിയുള്ള ടി കാലയളവിലെ അപേക്ഷകളുടെയും രസീതുകളുടെയും രേഖകൾ ഫീസ് ഈടാക്കി നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. മേൽ ഖണ്ഡികകളിൽ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം രേഖകൾ നൽകുന്നത്/പരിശോധിക്കുന്നത് മൂലം പരാതി നൽകിയ വ്യക്തികളുടെ ജീവനോ ശാരീരിക സുരക്ഷിതത്വത്തിനോ ദോഷകരമായി തീരാവുന്ന വിവരങ്ങൾ നിഷേധിക്കുവാനുള്ള അധികാരം വിവരാവകാശ നിയമ പ്രകാരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിക്ഷിപ്തമാണെന്നും എതിർകക്ഷികളെ കമ്മീഷൻ ഓർമ്മപ്പെടുത്തുന്നു.

7. കമ്മീഷൻ 17.3.2022–ലെ 9/SIC-G4/2022 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടതും രണ്ടാം എതിർകക്ഷി 25.3.2022–ലെ എ/98/2022 നമ്പർ കത്ത് പ്രകാരം കമ്മീഷനിൽ ലഭ്യമാക്കിയതുമായ രേഖകൾ കമ്മീഷൻ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ ഹർജിക്കാരനെതിരെ ഒന്നാം എതിർകക്ഷി കാര്യാലയത്തിൽ ആരും പരാതി രേഖാമൂലം നൽകിയിട്ടില്ലെന്നും എന്നാൽ ഹർജിക്കാരനെ അന്വേഷണ വിധേയമായി വേലവിലക്ക് കൽപ്പിച്ച് പുറപ്പെടുവിച്ച 17.7.2018–ലെ എച്ച്2/11305/18/ഡി.ഡി.ഇ നമ്പർ ഉത്തരവിലാണ് ടിയാനെതിരെ നൽകിയ പരാതിയെ സംബന്ധിച്ച പരാമർശമുള്ളതെന്നും കാണുന്നു. ആയതിനാൽ ഹർജിക്കാരന്റെ 5.8.2021–ലെ വിവരാവകാശ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം ഒന്നാം എതിർകക്ഷി 10.4.2022നകം രണ്ടാം എതിർകക്ഷിക്ക് അയച്ചു കൊടുക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 31–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk